# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *60 - 26/04/2017 - ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ വായ്പാ പരിധി

**ചോദ്യം**

**ഉത്തരം**

**ശ്രീ. എം. ഉമ്മർ**

**ഡോ. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പുമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ. | സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്തുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ; | ധനഉത്തരവാദിത്ത ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമം ഭേദഗതി വരുത്തിക്കൊണ്ട് നിലവിലെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും 4 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലുള്ള നിശ്ചിത സംഖ്യാടിസ്ഥാനത്തിലുള്ള ധനകമ്മി ജി.എസ്.ഡി.പി ലക്ഷ്യം 4 മുതൽ 6 വരെയുള്ള പരിധിക്കുള്ളിൽ നിജപ്പെടുത്തണമെന്നും സമ്പദ്ഘടനയുടെ വളർച്ചയെ ബന്ധപ്പെടുത്തി ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കണമെന്നും കേന്ദ്രസർക്കാർ നിയമിച്ച എഫ്.ആർ.ബി.എം. കമ്മറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വായ്പാപരിധി താൽക്കാലികമായി 18,524 കോടി രൂപയായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജി.എസ്.ഡി.പി-യുടെ യഥാർത്ഥ കണക്ക് ലഭ്യമാകുന്നതോടുകൂടി വായ്പാ പരിധി പുനർ നിർണ്ണയിച്ച് നൽകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഇക്കാര്യത്തിൽ കേന്ദ്രം അനുകൂല നിലപാട് സ്വീകരിച്ചില്ലെങ്കിൽ അത് കിഫ്ബിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | നബാർഡ് എൻ.ഐ.ഡി.എ വായ്പകൾ, കെ.എസ്.എഫ്.ഇ. എൻ.ആർ.ഐ. ചിട്ടി ബോണ്ടുകൾ, ബഡ്ജറ്റിന് പുറമെയുള്ള മറ്റു നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ, മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം സെസ്സ്, വിവിധ പദ്ധതികളിൽ നിന്നുള്ള വരവ് എന്നീ വിഭവ സമാഹരണത്തിലൂടെയാണ് വിവിധ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി കിഫ്ബിയുടെ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കുകയില്ല. |

Sreekumar K

**സെക്ഷൻ ഓഫീസർ**